അബൂദർറ് എടയൂർ

# കരുത്തനായ വിശ്വാസിയെയാണ് അല്ലാഹുവിന് ഇഷ്ടം

عَنْ أبي هُرَيْرة رضي اللّه عنه قَالَ: قَال رسُولُ الله ﷺ: الْمُؤمِن الْقَوِي خَيْرٌ وَاحَبُّ إلى الله مِنَ الْمُؤْمِنِ الضَّعيفِ وفِي كُلٍّ خَيْرٌ اَحْرِصْ عَلَى مَا يَنْفَعُكَ واسْتَعِنْ بالله وَلاتعْجِزْ، وَإنْ أصَابَكَ شَيءٌ، فَلا تَقُلْ لَوْ أنِّي فَعَلْتُ كَانَ كَذَا وَكَذَا، وَلَكِنْ قُلْ قَدْرُ الله وَمَاشَاءَ فَعَلَ، فَإنَّ لَوْ تَفْتَحُ عَمَلَ الشَّيْطَانِ

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: ശക്തനായ മുസ്‌ലിം ദുർബലനായ മുസ്‌ലിമിനേക്കാൾ ഉത്തമനും അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടവനുമാണ്. എല്ലാവരിലും നന്മയുണ്ട്. നിനക്ക് ഉപകാരപ്പെടുന്നതിനോട് താൽപര്യം കാണിക്കുക. അല്ലാഹുവിനോട് സഹായം തേടുക. നീ ദുർബലനായിപ്പോകരുത്. നിനക്കെന്തെങ്കിലും (വിപത്ത്) ബാധിച്ചാൽ 'ഞാൻ അങ്ങനെ ചെയ്തിരുന്നെങ്കിൽ ഇപ്രകാരമൊക്കെ ആകുമായിരുന്നു' എന്ന് നീ പറയരുത്. പകരം 'അല്ലാഹു കണക്കാക്കിയ വിധി, അവനുദ്ദേശിച്ചത് നടന്നു' എന്ന് പറയുക. കാരണം (അങ്ങനെ ചെയ്തിരുന്നു/ചെയ്യാതിരുന്നു) 'എങ്കിൽ' എന്ന പ്രയോഗം പിശാചിന്റെ പ്രവർത്തനങ്ങൾക്ക് വാതിൽ തുറന്നു കൊടുക്കുന്നതാണ് (മുസ്‌ലിം).

നന്മയുടെ എല്ലാ വശങ്ങളും ഒത്തുചേരുക എന്നതാണ് ഒരു സത്യവിശ്വാസിയുടെ വ്യക്തിത്വത്തിന്റെ പ്രധാന സവിശേഷത. ഉപരിസൂചിത ഹദീസ് ശക്തി ഒരു ആഭരണമാക്കാൻ ആഹ്വാനം ചെയ്യുന്നു. മനക്കരുത്ത്, നിശ്ചയദാർഢ്യം, മൂർച്ചയുള്ള ബുദ്ധി, ശാരീരികാരോഗ്യം തുടങ്ങിയവയാണ് ഇവിടെ ശക്തികൊണ്ട് അർഥമാക്കുന്നത്. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള ബുദ്ധിയുണ്ടാവൂ എന്നാണല്ലോ പഴമൊഴി. അതേസമയം കേവല കായികശേഷി ഇവിടെ ഉദ്ദേശ്യമല്ല. ശാരീരിക ബലത്തോടൊപ്പം ഉറച്ച മനസ്സും ശരിയായ ചിന്തയും ഉണ്ടെങ്കിലേ അല്ലാഹുവിന്റെ പ്രീതി നേടാൻ കഴിയൂ.

ഇഹലോകത്ത് ആത്മാഭിമാനത്തോടെ ഇസ്‌ലാമിനെ പ്രതിനിധീകരിക്കാനും തദവസരത്തിൽ സ്വജീവനും സമ്പത്തിനും കുടുംബത്തിനുമെതിരെ ഉയരുന്ന ഭീഷണികളെ അവഗണിച്ചുകൊണ്ട് അധാർമികതക്കെതിരെ പടപൊരുതാനും, നരകത്തിലേക്കുള്ള വഴികളിൽ നിന്ന് സ്വർഗത്തിന്റെ രാജവീഥിയിലേക്ക് ജനങ്ങളെ ആനയിക്കാനുള്ള ശ്രമങ്ങളിൽ വ്യാപൃതനാവാനും ശാരീരിക ശക്തിയും ആത്മബലവും കൂടിയേ തീരൂ. കൽതുറുങ്കുകളെയും കഴുമരങ്ങളെയും ഭയപ്പെടാത്ത കരുത്തരായ വിശ്വാസികളെയാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്. അതിനാൽ ഇസ്‌ലാം അതിന് വലിയ പ്രാധാന്യം നൽകുന്നു. ഹൂദ് നബിയിലൂടെ അദ്ദേഹത്തിന്റെ ജനതക്ക് നൽകപ്പെട്ട വാഗ്ദാനങ്ങളിൽ ഒന്ന് അവരുടെ ശക്തി വർധിപ്പിച്ചുതരുമെന്നായിരുന്നു (ഹൂദ് 52).

നിർബന്ധമായ ആരാധനകളിലുള്ള നിഷ്ഠ, സുന്നത്തായ കർമങ്ങൾ വർധിപ്പിക്കൽ, സുഖലോലുപത വർജിക്കൽ, പൂർവികരുടെ ചരിത്രങ്ങൾ വായിച്ച് പാഠങ്ങൾ ഉൾക്കൊള്ളൽ, സ്വന്തത്തെ കുറിച്ചും പ്രപഞ്ചത്തെ കുറിച്ചും ചിന്തിക്കൽ, ഖുർആൻ പഠന സദസ്സുകളിൽ പങ്കെടുക്കൽ, സച്ചരിതരുമായുള്ള സഹവാസം, തെറ്റുകുറ്റങ്ങളിൽ നിന്ന് അകന്നുനിൽക്കൽ, ദൈനംദിനം വ്യായാമങ്ങളിൽ ഏർപ്പെടൽ തുടങ്ങിയവ അല്ലാഹു ഇഷ്ടപ്പെടുന്ന ശക്തി സംഭരിക്കാനുള്ള ഇതര മാർഗങ്ങളാണ്.

'എനിക്ക് കഴിയില്ല' എന്ന നിഷേധാത്മക ചിന്ത കൈവെടിയണമെന്നും പ്രവാചകൻ ഉണർത്തുന്നു. കാരണം അത് നമ്മുടെ മനക്കരുത്ത് ചോർത്തിക്കളയും. അത് എല്ലാറ്റിൽ നിന്നും പിൻവലിയാൻ നമ്മെ പ്രേരിപ്പിക്കും. 'എനിക്ക് കഴിയും' എന്ന മനോഭാവം വളർത്താനും ദിവ്യസഹായത്തിനായി പ്രാർഥിക്കാനുമാണ് നബി(സ) ഇതിലൂടെ പഠിപ്പിക്കുന്നത്. 'അല്ലാഹുവേ, ദൗർബല്യത്തിൽ നിന്നും അലസതയിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു' എന്ന് പ്രവാചകൻ നിരന്തരം പ്രാർഥിക്കാറുണ്ടായിരുന്നു (അബൂദാവൂദ്).

നമുക്ക് ഗുണമാണെങ്കിലും ദോഷമാണെങ്കിലും അല്ലാഹുവിന്റെ വിധി ഹൃദ്യമായി സ്വീകരിക്കണമെന്നും മറിച്ചുള്ള നിലപാടുകൾ പിശാചിലേക്കുള്ള വാതായനങ്ങൾ തുറക്കലാണെന്നും ഈ ഹദീസിന്റെ അവസാനത്തിൽ പ്രവാചകൻ മുന്നറിയിപ്പുനൽകുന്നു. ■